സ്ഥാപിതം
1964

# സ്വതന്ത്രമണ്ഡപം

Independent Daily

പൂത്തോൾ, തൃശൂർ – 680004

## ബംഗാൾ ഉപതെരഞ്ഞെടുപ്പ്: 6 സീറ്റുകളിലും തൃണമൂലിന് എതിരില്ലാത്ത ലീഡ്

കൊൽക്കത്ത: പശ്ചിമ ബംഗാളിലെ ആറ് നിയമസഭാ മണ്ഡലങ്ങളിലേക്ക് നടന്ന ഉപതെരഞ്ഞെടുപ്പിൽ തൃണമൂൽ കോൺഗ്രസ് സ്ഥാനാർഥികൾ വ്യക്തമായ ലീഡ് നേടി. രാവിലെ 8 മണി മുതൽ വോട്ടെണ്ണൽ പുരോഗമിക്കുന്ന ഇടങ്ങളിൽ എല്ലാ ഘട്ടത്തിലും പ്രതിപക്ഷമായ ബി.ജെ.പി കിതക്കുകയാണ്. സംസ്ഥാനത്ത് പൊതു പ്രതിഷേധത്തിന് കാരണമായ ആർ.ജി കാർ മെഡിക്കൽ കോളജ് സംഭവവുമായി ബന്ധപ്പെട്ട് നടന്നുകൊണ്ടിരിക്കുന്ന പ്രതിഷേധങ്ങളുടെ പശ്ചാത്തലത്തിൽ ഈ ഫലങ്ങൾ കാര്യമായ ശ്രദ്ധയാകർഷിക്കുന്നു.2024ലെ ലോക്സഭാ തെരഞ്ഞെടുപ്പിൽ വിജയിച്ച സിറ്റിങ് എം.എൽ.എമാർ രാജിവച്ചതിനെ തുടർന്ന് നൈഹാത്തി, ഹരോവ, മെദിനിപൂർ, തൽദാംഗ്ര, സിതായ്, മദാരിഹത്ത് എന്നിവിടങ്ങളിലാണ് ഉപതെരഞ്ഞെടുപ്പ് നടന്നത്.

സ്വതന്ത്രമണ്ഡപം പത്രത്തിന്റെ ഓൺലൈൻസന്ദർശിക്കുക
Visit
Swathanthra Mandapam Online
www.swathanthramandapam.com

www.swathanthramandapam.com | വാല്യം: 59 | ലക്കം: 196 | 2024 നവംബർ 23 ശനി | പേജ്: 2 | വില: 1 രൂപ | PHONE: 2384127, 2384558 | E-mail: smdaily03@yahoo.co.in

# കുതിച്ച് രാഹുൽ, പ്രിയങ്കയുടെ ലീഡ് മൂന്ന് ലക്ഷം കടന്നു; ചേലക്കരയിൽ ആഘോഷം തുടങ്ങി എൽഡിഎഫ്

പാലക്കാട്ട്: യുഡിഎഫ് സ്ഥാനാർഥി രാഹുൽ മാങ്കൂട്ടത്തിൽ കുതിപ്പ് തുടരുന്നു. ഒടുവിൽ റിപ്പോർട്ട് കിട്ടുമ്പോൾ 10500-ൽ അധികം വോട്ടിന്റെ ലീഡാണുള്ളത്. വയനാട്ടിൽ പ്രിയങ്ക ഗാന്ധിയുടെ ലീഡ് മൂന്ന് ലക്ഷം കടന്നു. ചേലക്കരയിൽ എൽ.ഡി.എഫിലെ യു.ആർ. പ്രദീപ് വിജയം ഉറപ്പിച്ചപ്പോൾ തന്നെ പ്രവർത്തകർ ആഘോഷം ആരംഭിച്ചു.

ചേലക്കര നിയമസഭ മണ്ഡലത്തിൽ ഇടത് സ്ഥാനാർഥി യു.ആർ. പ്രദീപ് ജയിച്ചുകയറിയപ്പോൾ ഇടതുപക്ഷത്തിനും സംസ്ഥാന സർക്കാറിനും ഏറെ ആശ്വാസം. കഴിഞ്ഞ തവണത്തെ കെ. രാധാകൃഷ്ണന്റെ ഭൂരിപക്ഷത്തിന് അടുത്തെത്താനായില്ലെങ്കിലും ചേലക്കരയിലെ ജയം ഇടതിന് പിടിച്ചുനിൽക്കാനുള്ള കച്ചിത്തുരുമ്പായി. സംസ്ഥാനത്ത് ഭരണവിരുദ്ധവികാരമില്ലെന്ന് വാദിക്കാൻ ചേലക്കര ജയം ഇടതിന് സഹായകമാകും.

12,122വോട്ടിനാണ് യു.ആർ. പ്രദീപ് രണ്ടാംവണയും ചേലക്കരയുടെ എം.എൽ.എയായത്. അതേസമയം, ലോക്സഭയിലെ തോൽവിയുടെ ക്ഷീണം നിയമസഭയിൽ മാറ്റാമെന്നുള്ള യു.ഡി.എഫ് സ്ഥാനാർഥി രമ്യ ഹരിദാസിന്റെ പ്രതീക്ഷകളാണ് അസ്തമിച്ചത്. 2019 ലോക്സഭ തെരഞ്ഞെടുപ്പിൽ ആലത്തൂരിൽ മത്സരിച്ച് ജയിച്ചപ്പോൾ മണ്ഡലത്തിലുൾപ്പെടുന്ന ചേലക്കരയിലെ ഇടത് കോട്ടകളെയും രമ്യ ഹരിദാസ് ഞെട്ടിച്ചിരുന്നു. എന്നാൽ, ഇത്തവണ ആ പ്രതീക്ഷകൾ അസ്ഥാനത്തായി. സ്ഥാനാർഥിനിർണയം മുതൽ കോൺഗ്രസിനകത്തുണ്ടായ അസ്വാരസ്യങ്ങൾ വോട്ടിങ്ങിലും പ്രതിഫലിച്ചു. തെരഞ്ഞെടുപ്പിൽ ശക്തിതെളിയിക്കാനുള്ള പി.വി. അൻവർ എം.എൽ.എയുടെ നീക്കത്തിനും തിരിച്ചടിയായി.



2016ലെ തന്റെ തന്നെ ഭൂരിപക്ഷം മറികടന്നുള്ള വിജയമാണ് യു.ആർ. പ്രദീപ് നേടിയത്. 10,200 വോട്ടിന്റെ ഭൂരിപക്ഷത്തിലാണ് യു.ഡി.എഫ് സ്ഥാനാർഥി കെ.എ. തുളസിയെ അന്ന് പരാജയപ്പെടുത്തിയത്. എൻ. ഡി.എയുടെ ഷാജുമോൻ 23,845 വോട്ടായിരുന്നു നേടിയത്. ചേലക്കരയിൽ 2021 നിയമസഭ തെരഞ്ഞെടുപ്പിൽ കെ. രാധാകൃഷ്ണൻ 39,400 വോട്ടിൻറെ ഭൂരിപക്ഷത്തിലാണ് വിജയിച്ചത്. അന്ന് രാധാകൃഷ്ണൻ 81,885 വോട്ട് നേടിയപ്പോൾ യു.ഡി.എഫ് സ്ഥാനാർഥി സി.സി. ശ്രീകുമാർ 43,150 വോട്ട് മാത്രമാണ് നേടിയത്. എൻ.ഡി.എയുടെ ഷാജുമോൻ വറ്റേക്കാട് 23,716 വോട്ടും നേടി.

സി.പി.എമ്മുമായി തെറ്റിപ്പിരിഞ്ഞ നിലമ്പൂർ എം.എൽ.എ പി.വി. അൻവറിനും തിരിച്ചടിയായി ചേലക്കരയിലെ ഫലം. അൻവർ രൂപീകരിച്ച ഡെമോക്രാറ്റിക് മൂവ്മെന്റ് ഓഫ് കേരള (ഡി.എം.കെ)യുടെ സ്ഥാനാർഥി എൻ.കെ. സുധീറിന് 3560 വോട്ടുകൾ മാത്രമാണ് പിടിക്കാനായത്. തെരഞ്ഞെടുപ്പിൽ ശക്തിപ്രകടനം നടത്താമെന്ന അൻവറിന്റെ കണക്കുകൂട്ടലിനാണ് തിരിച്ചടിയേറ്റത്. 2009ലെ പാർലമെൻറ് തെരഞ്ഞെടുപ്പിൽ ചേലക്കര കൂടി ഉൾപ്പെടുന്ന ആലത്തൂർ മണ്ഡലത്തിൽ എൻ.കെ. സുധീർ മികച്ച വോട്ടുകൾ നേടിയിരുന്നു. പി.വി. അൻവറിന്റെ നിലപാടുകളോട് ആഭിമുഖ്യമുള്ള ഇടത് അണികളുടെ വോട്ട് സുധീറിലേക്ക് പോകുമെന്ന് കണക്കുകൂട്ടലുണ്ടായെങ്കിലും അത് ചെറിയ വോട്ടിലൊതുങ്ങി.

തിരുവില്വാമല, പഴയന്നൂർ, ദേശമംഗലം,കൊണ്ടാഴി, ചേലക്കര, പാഞ്ഞാൾ, വള്ളത്തോൾ നഗർ, മുള്ളൂർക്കര, വരവൂർ എന്നിങ്ങനെ ഒമ്പത് പഞ്ചായത്തുകളടങ്ങിയതാണ് ചേലക്കര നിയമസഭാ മണ്ഡലം. 1996 മുതൽ തുടർച്ചയായ 7തെരഞ്ഞെടുപ്പുകളിൽ ചേലക്കരയിൽ ഇടതുപക്ഷം പരാജയമറിഞ്ഞിട്ടില്ല. 1996 മുതൽ 2016 വരെയും കെ. രാധാകൃഷ്ണനായിരുന്നു ചേലക്കരയുടെ നായകൻ. നിലവിലെ പിണറായി സർക്കാറിൽ മന്ത്രിയായിരുന്ന രാധാകൃഷ്ണൻ ആലത്തൂരിൽ നിന്ന് എം.പിയായതിനെ തുടർന്ന് രാജിവെച്ച ഒഴിവിലാണ് ചേലക്കരയിൽ ഉപതെരഞ്ഞെടുപ്പ് വേണ്ടിവന്നത്.

നിയമസഭാ സാമാജികനെന്ന നിലയിൽ മികച്ച പ്രകടനം കാഴ്ചവെച്ചയാളാണ് യു.ആർ. പ്രദീപ്. ദേശമംഗലം പഞ്ചായത്ത് പ്രസിഡന്റും വൈസ് പ്രസിഡന്റുമായിരുന്ന അദ്ദേഹം സർവിസ് സഹകരണ ബാങ്ക് പ്രസിഡന്റുമായിരുന്നു. കേരള സംസ്ഥാന പട്ടികജാതി-പട്ടികവർഗ വികസന കോർപറേഷൻ ചെയർമാനുമായിരുന്നു.

## വോട്ടെണ്ണൽ പകുതിയാകും മുൻപ് വീട്ടിലേക്ക് മടങ്ങി സത്യൻ മൊകേരി



കൽപ്പറ്റ: വയനാട്ടിലെ ഉപതിരഞ്ഞെടുപ്പ് ഫലം പുറത്തു വരുന്നതിന് മുൻപ് തന്നെ വീട്ടിലേക്ക് മടങ്ങി എൽഡിഎഫ് സ്ഥാനാർത്ഥി സത്യൻ മൊകേരി. ആദ്യ റൗണ്ട് ഫലം മുതൽ തന്നെ യുഡിഎഫ് സ്ഥാനാർത്ഥിയായ പ്രിയങ്ക ഗാന്ധിക്ക് തന്നെയായിരുന്നു ലീഡ്. പരാജയം ഉറപ്പായതോടെ വോട്ടെണ്ണൽ പകുതിയാകും മുമ്പ് സത്യൻ മൊകേരി വീട്ടിലേക്ക് മടങ്ങി. നിലവിൽ പ്രിയങ്കയുടെ ഭൂരിപക്ഷം 3 ലക്ഷം കടന്നിരിക്കുകയാണ്.

നിലവിൽ പ്രിയങ്കക്ക് 370734 വോട്ടും സത്യൻ മൊകേരിക്ക് 127144 വോട്ടുകളും ബിജെപി സ്ഥാനാർത്ഥി നവ്യ ഹരിദാസിന് 68748 വോട്ടുകളുമാണ് ലഭിച്ചിരിക്കുന്നത്. ലോക്സഭ തിരഞ്ഞെടുപ്പിൽ രാഹുൽ ഗാന്ധി ജയിച്ചെങ്കിലും റായ്ബറേലി നിലനിർത്തി വയനാട് ഒഴിഞ്ഞതിനെത്തുടർന്നാണ് ഉപതിരഞ്ഞെടുപ്പ് വേണ്ടിവന്നത്. മണ്ഡലം ഒഴിയുമ്പോൾത്തന്നെ പ്രിയങ്കയാകും സ്ഥാനാർത്ഥി എന്ന് രാഹുൽ സൂചിപ്പിക്കുകയും ചെയ്തു.

## ജനവിധി പ്രതീക്ഷിച്ചത്; ഭരണവിരുദ്ധ വികാരം പ്രതിഫലിച്ചെന്ന് കെ. സുധാകരൻ

പാലക്കാട്: ഉപതിരഞ്ഞെടുപ്പിലെ ജനവിധി യുഡിഎഫ് പ്രതീക്ഷിച്ചത് പോലെ തന്നെയെന്ന് കെപിസിസി പ്രസിഡൻറ് കെ. സുധാകരൻ. ഭരണവിരുദ്ധ വികാരം തിരഞ്ഞെടുപ്പിൽ പ്രതിഫലിച്ചു.വിവാദങ്ങളൊന്നും യുഡിഎഫിനെ ഏശിയില്ലെന്നും വിവാദങ്ങൾ ഏശാൻ മാത്രം അപാകതയൊന്നും യുഡിഎഫിന്റെ ഭാഗത്ത് നിന്നുമുണ്ടായിട്ടില്ലെന്നും സുധാകരൻ മാധ്യമങ്ങളോട് പറഞ്ഞു. യുഡിഎഫ് നേരായമാർഗത്തിലാണ് ജനങ്ങളെ സമീപിച്ചത്. അത് ഇഷ്ടപ്പെട്ടതിന്റെ പ്രതിഫലനമാണ് നേട്ടമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. ബിജെപിക്കെതിരായ ജനവികാരം ഈ തിരഞ്ഞെടുപ്പിൽ യുഡിഎഫിന് ഉയർത്തിക്കൊണ്ട് വരാൻ കഴിഞ്ഞുവെന്നത് അഭിമാനിക്കാവുന്ന കാര്യമാണെന്നും അതാണ് പാലക്കാട്ടെ നഗരസഭയിലെ മുന്നേറ്റം കാണിക്കുന്നതെന്നും സുധാകരൻ പറഞ്ഞു.

ചേലക്കരയിൽ എൽഡിഎഫിന് വൻ തിരിച്ചടിയാണ് ഉണ്ടായത്. നാൽപതിനായിരത്തോളം വോട്ടിന്റെഭൂരിപക്ഷം കഴിഞ്ഞ തിരഞ്ഞെടുപ്പിൽ ലഭിച്ചയിടത്ത് ഇക്കുറി പതിനായിരത്തിൽ ഭൂരിപക്ഷം ഒതുങ്ങിയെന്നും സുധാകരൻ വ്യക്തമാക്കി. പാലക്കാട്ടെ വോട്ടെണ്ണൽ പുരോഗമിക്കുമ്പോൾ യുഡിഎഫ് സ്ഥാനാർഥി രാഹുൽ മാങ്കൂട്ടത്തിൽ 15,294 വോട്ടുകൾക്ക് ലീഡ് ചെയ്യുകയാണ്. രണ്ടാമത് ബിജെപിയാണ്. മൂന്നാം സ്ഥാനത്താണ് എൽഡിഎഫ് സ്വതന്ത്രനായ സരിൻ ഉള്ളത്.

## രണ്ടാം വിവാഹത്തിന് കുട്ടി തടസ്സമായി; 5 വയസ്സുകാരിയെ കൊലപ്പെടുത്തി അമ്മ

ന്യൂഡൽഹി: രണ്ടാം വിവാഹത്തിന് കുട്ടി തടസ്സമാണെന്ന് കരുതി അഞ്ചു വയസ്സുള്ള മകളെ അമ്മ കൊലപ്പെടുത്തി. ഡൽഹിയിലെ അശോക് വിഹാറിലാണ് ദാരുണ സംഭവം. സ്ത്രീയുടെ ആദ്യ ഭർത്താവ് അവരെ ഉപേക്ഷിച്ചതാണ്. പിന്നീട് യുവതി ഇൻസ്റ്റഗ്രാം വഴി രാഹുൽ എന്ന വ്യക്തിയുമായി അടുപ്പത്തിലാവുകയായിരുന്നു. എന്നാൽ രാഹുലും കുടുംബവും കുട്ടിയെ സ്വീകരിക്കാൻ വിസമ്മതിക്കുകയായിരുന്നു. ഇതിന്റെ നിരാശയിലാണ് അമ്മ കുട്ടിയെ കഴുത്ത് ഞെരിച്ച് കൊന്നതെന്ന് പൊലീസിന് മൊഴി നൽകി.

## സുരേന്ദ്രനെയും സംഘത്തെയും അടിച്ചുപുറത്താക്കി ചാണകവെള്ളം തളിക്കണം: സന്ദീപ് വാര്യർ



പാലക്കാട്: കെ.സുരേന്ദ്രനേയും സംഘാംഗങ്ങളേയും അടിച്ച് പുറത്താക്കി ചാണകവെള്ളം തളിച്ചാലെ കേരളത്തിലെ ബി.ജെ.പി രക്ഷപ്പെടൂവെന്ന് കോൺഗ്രസ് നേതാവ് സന്ദീപ് വാര്യർ. ബി.ജെ.പിയുടെ ശക്തി കേന്ദ്രമായ പാലക്കാട് നഗരസഭാ പരിധിയിലടക്കം അവരുടെ അടിവേര് മാന്തിയിരിക്കുകയാണ് യു.ഡി.എഫ്. ഇതിന് ഉത്തരവാദി കെ. സുരേന്ദ്രനാണെന്നും സന്ദീപ് പറഞ്ഞു.

സുരേന്ദ്രൻ ബി.ജെ.പി സംസ്ഥാന അധ്യക്ഷനായി തുടരണമെന്നാണ് തന്റെ ആവശ്യം. പാലക്കാട്ടെ ജനങ്ങളിൽ തനിക്ക് വിശ്വാസമുണ്ട്. യു.ഡി.എഫ് പ്രവർത്തകരുടേയും നേതൃത്വത്തിന്റേയും കഠിന പ്രയത്നമാണ് ഈ മുന്നേറ്റത്തിന് കാരണം.

പാൽ സൊസൈറ്റിയിലെ തിരഞ്ഞെടുപ്പ് മുതൽ ലോക്സഭാ തിരഞ്ഞെടുപ്പ് വരെ കൃഷ്ണകുമാറും അദ്ദേഹത്തിന്റെ ഭാര്യയുമാണ് സ്ഥാനാർഥി. പാലക്കാട്ടെ ബി.ജെ.പിയെ ഈ 2പേർക്കും എഴുതിക്കൊടുത്തതിന്റെ ഫലമാണ് ഇപ്പോൾ കാണുന്നതെന്നും സന്ദീപ് പറഞ്ഞു. പാലക്കാട്ട് ബിജെപി സ്ഥാനാർഥി സി. കൃഷ്ണകുമാറിനെ മറികടന്ന് കോൺഗ്രസ് സ്ഥാനാർഥി രാഹുൽ മാങ്കൂട്ടത്തിൽ ലീഡ് നേടിയതിന് പിന്നാലെയായിരുന്നു സന്ദീപ് വാര്യരുടെ പ്രതികരണം.

## കെ.എസ് .ആർ.ടി.സി ബസ്സ് ശരീരത്തിലൂടെ കയറി വീട്ടമ്മ മരിച്ചു

കുന്നംകുളം : പട്ടാമ്പി റോഡിൽ രാവിലെ ഏകദേശം 7.15നാണ് അപകടം നടന്നത്. മകനുമായി ബൈക്കിൽ കുന്നംകുളം ഭാഗത്തേക്ക് വന്നിരുന്ന ചിറ്റാട്ടുകര പൊന്നാരശ്ശേരി വീട്ടിൽ രാജി (54) ആണ് അപകടത്തിൽ മരിച്ചത്.

പുറകിൽ നിന്ന് വന്ന ബസ് ഇടിച്ചതിനെ തുടർന്ന് രാജി ബസ്സിനടിയിലേക്ക് വീഴുകയും ബസ്സിന്റെ ചക്രങ്ങൾ ശരീരത്തിലൂടെ കയറിയിറങ്ങുകയുമായിരുന്നു. കക്കാട് താമസിക്കുന്ന മകളുടെ വീട്ടിൽ നിന്നും ചിറ്റാട്ടുകരയ്ക്ക് പോകുന്നതിനിടെയാണ് അപകടം സംഭവിച്ചത്. അപകടം ഉണ്ടാക്കിയ ബസ് പോലീസ് തിരിച്ചറിഞ്ഞിട്ടുണ്ട്. കെഎസ്ആർടിസി ലോഫ്ലോർ ബസ്സിടിച്ചാണ് അപകട ഉണ്ടായത്.ഈ ബസ് തൃശ്ശൂരിൽ നിന്നും കുന്നംകുളത്തേക്ക് എത്തിക്കാനുള്ള നടപടി കുന്നംകുളം പോലീസ് ആരംഭിച്ചു.



## തകർന്നടിഞ്ഞ് ഉദ്ധവ്, വോട്ടർമാർ ഷിന്ദേക്കൊപ്പം



മുംബൈ: മഹാരാഷ്ട്ര നിയമസഭാ തിരഞ്ഞെടുപ്പിൽ ഉദ്ധവ് താക്കറെ നേതൃത്വം നൽകുന്ന ശിവസേനയ്ക്ക് വൻതിരിച്ചടി. കോൺഗ്രസിനോട് സീറ്റുകൾ പിടിച്ചുവാങ്ങിയിട്ടും ഭേദപ്പെട്ട പ്രകടനം ഉദ്ധവിന്റെ പാർട്ടിക്ക് കാഴ്ചവെക്കാൻ സാധിച്ചില്ല. മഹാവികാസ് ആഘാഡിയുടെ ഭാഗമായി 95 സീറ്റിൽ മത്സരിച്ച ശിവസേനയ്ക്ക്, 15 സീറ്റുകളിൽ മാത്രമാണ് മുൻതൂക്കമെന്നാണ് തിരഞ്ഞെടുപ്പ് കമ്മിഷന്റെ ഒടുവിലത്തെ കണക്കുകൾ വ്യക്തമാക്കുന്നത്.

2019-ൽ ബി.ജെ.പിയുമായി സഖ്യംചേർന്ന് മത്സരിച്ച ശിവസേന, ആർക്കും വ്യക്തമായ ഭൂരിപക്ഷമില്ലാത്ത സാഹചര്യത്തിൽ നാടകീയ നീക്കങ്ങൾക്കൊടുവിൽ ശരദ് പവാറിന്റെ എൻ.സി.പിയും കോൺഗ്രസുമായി ചേർന്ന് സർക്കാരുണ്ടാക്കി. താക്കറെ കുടുംബത്തിൽനിന്ന് ആദ്യമായി മഹാരാഷ്ട്രയുടെ ഭരണതലപ്പത്ത് എത്തിയ വ്യക്തിയായി ഉദ്ധവ് മാറി. എന്നാൽ, രണ്ടുവർഷത്തിനപ്പുറം, ഏക്നാഥ് ഷിന്ദേ ഭൂരിപക്ഷം എം.എൽ.എമാരുമായി പാർട്ടി പിളർത്തി ബി.ജെ.പിക്കൊപ്പം ചേർന്നു. വലിയ ഒറ്റകക്ഷിയായിട്ടുപോലും ബി.ജെ.പി, ഷിന്ദേയുടെ ശിവസേനയ്ക്ക് മുഖ്യമന്ത്രിസ്ഥാനം നൽകി. ഔദ്യോഗിക പേരും ചിഹ്നവും തിരഞ്ഞെടുപ്പ് കമ്മിഷൻ ഷിന്ദേ പക്ഷത്തിനായിരുന്നു അനുവദിച്ചത്.

ഈ സാഹചര്യത്തിൽ ഇരു ശിവസേനകൾക്കും നിയമസഭാ തിരഞ്ഞെടുപ്പ് നിർണായകമായിരുന്നു. ലോക്സഭാ തിരഞ്ഞെടുപ്പിൽ ജനം തങ്ങൾക്കൊപ്പം നിന്നതിന്റെ ആത്മവിശ്വാസത്തിലായിരുന്നു മഹാവികാസ് അഘാഡി. ഇത് അമിത ആത്മവിശ്വാസത്തിലേക്ക് എത്തിയപ്പോൾ കൂടുതൽ സീറ്റിനായി പാർട്ടികൾ തമ്മിൽ പോരടിച്ചു. മുഖ്യമന്ത്രി സ്ഥാനത്തിനുവേണ്ടി ഉദ്ധവ് പക്ഷവും കോൺഗ്രസും ഒരുപോലെ രംഗത്തുവന്നു.

നാണംകെട്ട പരാജയത്തിലേക്ക് ഉദ്ധവ് പക്ഷം പോകുന്നു എന്നതിനപ്പുറം, ഷിന്ദേ ശിവസേന വലിയ മുന്നേറ്റം നടത്തുന്നത് ഉദ്ധവിന്റേയും മകൻ ആദിത്യ താക്കറേയുടേയും രാഷ്ട്രീയഭാവി അനിശ്ചിതത്വത്തിലാക്കുന്നുമുണ്ട്. മഹായുതിയുടെ ഭാഗമായി 81 സീറ്റിലാണ് ഷിന്ദേ ശിവസേന മത്സരിച്ചത്. ഇതിൽ 53 സീറ്റുകളിൽ ഇപ്പോൾ അവർ മുന്നിലാണ്. ഏതാണ്ട് 51-ഓളം സീറ്റുകളിൽ ഇരു ശിവസേനകളും തമ്മിലായിരുന്നു മത്സരം.

ബി.ജെ.പി. വലിയ ഒറ്റകക്ഷിയാകുമെന്ന ശക്തമായ സൂചനയാണ് ഇപ്പോഴത്തെ ഫലം നൽകുന്നത്. 105-വരെ സീറ്റുകൾ നേടുമെന്നായിരുന്നു ബി.ജെ.പിയുടെ വിലയിരുത്തൽ. അങ്ങനെയെങ്കിൽ മുഖ്യമന്ത്രിസ്ഥാനം വിട്ടുനിൽകരുതെന്ന താത്പര്യം അർ.എസ്എസിനുണ്ടെന്നാണ് വിവരം. പ്രതീക്ഷകളെ മറികടന്ന് ബി.ജെ.പി. തരംഗത്തിലേക്ക് തിരഞ്ഞെടുപ്പ് ഫലം നീങ്ങുമ്പോൾ ഷിന്ദേയുടെ നിലനിൽപ്പ് സംബന്ധിച്ചും ചോദ്യങ്ങളുയരുന്നുണ്ട്. മുഖ്യമന്ത്രി സ്ഥാനം നിഷേധിക്കപ്പെട്ടാൽ ഷിന്ദേ തുടർന്ന് എന്ത് നിലപാടെടുക്കുമെന്നതും കാത്തിരുന്ന് കാണേണ്ടതാണ്.

## കർണാടകയിൽ കോൺഗ്രസ് സ്ഥാനാർഥിക്ക് ജയം

ബംഗളൂരു: കർണാടകയിൽ ഉപതെരഞ്ഞെടുപ്പ് നടന്ന മൂന്ന് നിയസഭ മണ്ഡലങ്ങളിലെ ആദ്യ ഫലം പുറത്തു വന്നു. സന്ദൂർ മണ്ഡലത്തിൽ കോൺഗ്രസിന്റെ അന്നപൂർണ തുകാറാം വിജയിച്ചു. 5654 വോട്ടാണ് ഇവരുടെ ഭൂരിപക്ഷം. ഔദ്യോഗിക പ്രഖ്യാപനം വന്നിട്ടില്ല.

കോൺഗ്രസിന്റെ ഇ. തുക്കാറാം ലോക്സഭയിലേക്ക് തെരഞ്ഞെടുക്കപ്പെട്ടതിനാൽ എംഎൽഎ സ്ഥാനം രാജിവെച്ച ഒഴിവിലാണ് സന്ദൂരിൽ തെരഞ്ഞെടുപ്പ് നടന്നത്. തുക്കാറാമിന്റെ ഭാര്യയാണ് വിജയിച്ച അന്നപൂർണ. എൻ.ഡി.എ സ്ഥാനാർഥി ബി.ജെ.പിയുടെ ബംഗാര ഹനുമന്തയ്യയെയാണ് അന്നപൂർണ പരാജയപ്പെടുത്തിയത്.ചന്നപട്ടണ, ഷിഗോൺ മണ്ഡലങ്ങളിലും കോൺഗ്രസ് സ്ഥാനാർഥികൾ ലീഡ് ചെയ്യുകയാണ്.

യു പിയിൽ യോഗി ആതിഥ്യനാഥിന്റെ നേതൃത്വത്തിൽ ബി ജെ പി സ്ഥാനാർത്ഥികൾക്കാണ് മുൻതൂക്കം.

## തലമുതിർന്ന കോൺഗ്രസ് നേതാക്കൾ തമ്പടിച്ചിട്ടും ചേലക്കര പോന്നില്ല, യുഡിഎഫിന് പിഴച്ചു; ഇടതിന്റെ കോട്ടയായി തുടരും

ചേലക്കര: മണ്ഡലം ഇന്നുവരെ കാണാത്ത പ്രചാരണത്തിനാണ് ഇത്തവണ ചേലക്കര സാക്ഷ്യം വഹിച്ചത്. അതുകൊണ്ട് തന്നെ രാഷ്ട്രീയ കേരളം ചേലക്കരയിലെ വിധി ഏറെ ആവേശത്തോടെയാണ് കാത്തിരുന്നത്. രമ്യ ഹരിദാസിലൂടെ മണ്ഡലം പിടിക്കാമെന്ന് പ്രതീക്ഷിച്ച യുഡിഎഫിന് നിരാശയാക്കി യു ആർ പ്രദീപ് മുന്നേറുകയാണ്. വോട്ടെണ്ണലിന്റെ ഒരു റൗണ്ടിൽ പോലും രമ്യ ഹരിദാസിന് ലീഡ് ചെയ്യാൻ സാധിച്ചില്ല എന്നത് കോൺഗ്രസ് നേതൃത്വത്തിന് തന്നെ വലിയ തിരിച്ചടിയാണ്. ഏറ്റവും ഒടുവിലത്തെ കണക്ക് പുറത്തുവരുമ്പോൾ യു ആർ പ്രദീപിന്റെ ലീഡ് പതിനായിരം കടന്നു.



എൽഡിഎഫിനെ സംബന്ധിച്ച് ചേലക്കര സീറ്റ് നിലനിർത്തുക എന്നത് അഭിമാന പ്രശ്നമായിരുന്നു. അതുകൊണ്ട് തന്നെ മുഖ്യമന്ത്രി അടക്കമുള്ള മുതിർന്ന നേതാക്കൾ അവസാനഘട്ട പ്രചാരണത്തിൽ മണ്ഡലത്തിൽ സജീവമായിരുന്നു. 12 സ്ഥലങ്ങളിൽ മുഖ്യമന്ത്രി സംസാരിക്കുമെന്ന് എൽഡിഎഫ് ആദ്യം അറിയിച്ചെങ്കിലും പിന്നീട് അത് കുറയ്ക്കുകയായിരുന്നു. എന്നിരുന്നാലും മണ്ഡലത്തിൽ എൽഡിഎഫ് പ്രവർത്തകർക്ക് ആവേശം പകരാൻ മുഖ്യമന്ത്രിക്ക് സാധിച്ചിട്ടുണ്ട്. മുഖ്യമന്ത്രിയെ കൂടാതെ മന്ത്രിമാരായ കെ രാജൻ, ഡോ. ബിന്ദു, പിഎ മുഹമ്മദ് റിയാസ്, രാമചന്ദ്രൻ കടന്നപ്പള്ളി എന്നിവരും ചേലക്കരയിൽ എത്തി പ്രചാരണത്തിന് ആവേശം പകർന്നു.

രമ്യ ഹരിദാസിലൂടെ മണ്ഡലം പിടിച്ചെടുക്കാൻ സാധിച്ചാൽ അടുത്ത നിയമസഭ തിരഞ്ഞെടുപ്പിൽ കോൺഗ്രസിന് ലഭിക്കുന്ന ആശ്വാസം ചില്ലറയല്ല. അതുകൊണ്ട് തന്നെ ചിട്ടയായ പ്രചാരണം യുഡിഎഫ് മണ്ഡലത്തിൽ നടത്തി. എന്നാൽ ആ തന്ത്രങ്ങളൊന്നും ഫലം പുറത്തുവന്നപ്പോൾ പ്രകടമായില്ല. അവസാനഘട്ട പ്രചാരണത്തിന് കടിഞ്ഞാൺ പിടിക്കാൻ പ്രതിപക്ഷ നേതാവ് വിഡി സതീശനും കെപിസിസി അദ്ധ്യക്ഷൻ കെ സുധാകരനും മണ്ഡലത്തിൽ സജീവമായിരുന്നു. മുതിർന്ന നേതാക്കളുടെ സാന്നിദ്ധ്യം യുഡിഎഫ് ക്യാമ്പിൽ ഊർജം പകർന്നു. നേതാക്കളുടെ പ്രസംഗങ്ങളും പത്രസമ്മേളനങ്ങളും പ്രചാരണത്തിൽ ആവേശം പകർന്നെങ്കിലും അതൊന്നും വോട്ടായി മാറ്റാൻ യുഡിഎഫിന് സാധിച്ചില്ല. സംസ്ഥാനത്തുള്ള ഭരണവിരുദ്ധ വികാരത്തെ ചേലക്കരയിൽ ആളിക്കത്തിക്കാൻ ശ്രമിച്ചെങ്കിലും അതൊന്നും വോട്ടർമാർ ഏറ്റെടുത്തില്ല.

വോട്ടെണ്ണൽ ആരംഭിച്ചത് മുതൽ എല്ലാ റൗണ്ടിലും യുആർ പ്രദീപ് തന്നെയായിരുന്നു മുന്നേറിയത്. ആദ്യ റൗണ്ടിൽ 1890 വോട്ടുകളുടെ ലീഡാണ് നേടിയെടുത്തത്. പിന്നീട് അങ്ങോട്ട് എണ്ണിയ ഓരോ റൗണ്ടിലും പ്രദീപ് വരവറിയിച്ചു. വരവൂർ, ദേശമംഗലം, വള്ളത്തോൾ നഗർ, പാഞ്ഞാൾ എന്നീ പഞ്ചായത്തുകളിലാണ് ആദ്യ റൗണ്ട് വോട്ടെണ്ണിയത്. ഈ മേഖലകളിൽ ലീഡ് കുറച്ചാൽ നേട്ടമുണ്ടാക്കുമെന്ന് കരുതിയ യുഡിഎഫിന് തെറ്റി. എല്ലാ മേഖലകളിലും ഇടതു തേരോട്ടമായിരുന്നു. മൂന്നാം റൗണ്ടിൽ ലീഡ് 5834, നാലാം റൗണ്ടിൽ 7598, അഞ്ചാം റൗണ്ട് 8577 വോട്ട് എന്നിങ്ങനെ പോകുന്നു ലീഡ്. ഇനി അങ്ങോട്ട് ലീഡ് പിടിക്കുക എന്നത് യുഡിഎഫിനെ സംബന്ധിച്ച് പ്രയാസമേറിയ കാര്യമാണ്.

യുവാക്കളുടെ വോട്ട് പെട്ടിയിലാക്കാൻ രണ്ട് മുന്നണികളുടെ യുവജന, വിദ്യാർത്ഥി സംഘടനകളും മണ്ഡലത്തിൽ തമ്പടിച്ചിരുന്നു. രമ്യ ഹരിദാസിന് വേണ്ടി കെഎസ്‌യുവിന്റെ നേതൃത്വത്തിൽ കിള്ളിമംഗലത്ത് നിന്ന് ചേലക്കരയിലേക്ക് സംഘടിപ്പിച്ച സ്റ്റുഡന്റ് ഒഫ് ചേലക്കര വാക്ക് വിത്ത് രമ്യ പരിപാടി ഹിറ്റായിരുന്നു. യുആർ പ്രദീപിന് വേണ്ട് എസ്എഫ്ഐയും ഡിവൈഎഫ്ഐയും സജീവമായപ്പോൾ മണ്ഡലത്തിലെ പ്രചാരണം ശരിക്കും ആവേശം കൊള്ളിച്ചു.


### കോടതി പരസ്യം

**ബഹു. തൃശൂർ രണ്ടാം അഡീഷ്ണൽ മുൻസിഫ് കോടതി മുമ്പാകെ**

OS: 554/2023

ന്യൂ മില്ലേനിയം കുറീസ് പ്രൈവറ്റ് ലിമിറ്റഡ്, തൃശൂർ
-അന്യായം

തൃശൂർ താലൂക്ക് കൈപ്പറമ്പ് വില്ലേജ് ദേശത്ത് അന്തിക്കാട്ട് എ എ വർഗ്ഗീസ് ഭാര്യ നിഷ വർഗ്ഗീസ്
-4-ാം പ്രതി

മേൽനമ്പ്ര്കേസിലെ 4-ാം പ്രതിക്കുള്ള സമൻസ് കല്പന ടിയാരുടെ വാസസ്ഥലത്തും കോടതിയിലും പതിച്ചുനടത്താൻ കല്പിച്ച് മേൽ നമ്പർ കേസ് **13-02-2025** തിയ്യതിക്ക് വിചാരണക്ക് വെച്ചിട്ടുള്ള വിവരം ഇതിനാൽ അറിയിച്ചുകെള്ളുന്നു. ടി കാര്യത്തിൽ ആർക്കെങ്കിലും ആക്ഷേപമോ മറ്റോ ഉണ്ടെങ്കിൽ അന്നേദിവസം കാലത്ത് 11 മണിക്ക് ബഹു. കോടതിയിൽ അറിയിക്കേണ്ടതാണ്. അല്ലാത്തപക്ഷം മേൽ നമ്പർ കേസ് നിങ്ങള കൂടാതെ വിധിയാകുന്നതാണെന്ന് ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

എന്ന്, 22-11-2024
അന്യായഭാഗം അഡ്വക്കേറ്റ്
**റോബ്സൺ പോൾ**
(ഒപ്പ്)

### കോടതി പരസ്യം

**ബഹു. കുന്നംകുളം കുടുംബ കോടതി മുമ്പാകെ**

OP: 2495/2023

നസ്ല
-ഹരജിക്കാരി

തൃശൂർ ജില്ല ചാവക്കാട് താലൂക്ക് വെങ്കിടങ്ങ് വില്ലേജ് ദേശത്ത്, പി ഒ കണ്ണോത്ത്, പിൻ-680510. രായംമരക്കാർ വീട്ടിൽ അബ്ദുൾ റഹ്മാൻ മകൻ 37 വയസ് മുഹമ്മദ് ആർഫാദ്
- എതൃകക്ഷി

മേൽ നമ്പറിലെ എതൃകക്ഷിക്കുള്ള സമൻസ്/നോട്ടീസ് കല്പന കോടതി നോട്ടീസ് ബോർഡിൽ പതിച്ചുനടത്താനും പരസ്യം ചെയ്യുവാനും അനുവദിച്ച് കേസ് വിചാരണക്കായി **19-12-2024** തിയ്യതിയിലേക്ക് വെച്ചിരിക്കുന്നതും അന്നേദിവസം രാവിലെ 11 മണിക്ക് ബഹു. കോടതി മുമ്പാകെ ഹാജരായി ആക്ഷേപം വല്ലതും ഉണ്ടെങ്കിൽ ബോധിപ്പിക്കേണ്ടതാണെന്നും അല്ലാത്ത പക്ഷം നിങ്ങളെ കൂടാതെ ടി കേസിൽ തീർപ്പ് കല്പിക്കുന്നതാണെന്നുമുള്ള വിവരം ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

എന്ന്, 21-11-2024
ഹരജിക്കാരിഭാഗം അഡ്വക്കേറ്റ്
**ഇ എം സാജൻ** (ഒപ്പ്)

### COURT NOTICE

**BEFORE THE HON'BLE MOTOR ACCIDENTS CLAMES TRIBUNAL, THRISSUR**

OP (MV) No. 2224/2020

Kochumon, aged 66 years, S/o. Chandran, Chulliyil House, Karamukku P.O., Thrissur Dist.
-Petitioner

Sasidharan,S/o. Raghavan,Vailathuur House, Chettupuzha, Thrissur.
-2nd Respondent

Notice to the 2nd Respondent in OP MV: 2224/2020 affix on the Honurable MACT Court Thrissur and 2nd Respondent's residence which is posted to **17-01-2025.** You are hereby directed to appear before Court on 21-04-2025 at 11.00 am personally or through advocate in case you have any objection failing of which the case will be heard and decided in your absence.

Date this the day od 9th November 2024
**FRANCIS KURIAN** (S/d)
Advocate for Petitioner.

